**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6009** **09-07-2024 - ൽ മറുപടിയ്ക്ക്**

**ചെറികിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് എത്ര തുകയാണ് സബ്സിഡി ആയി നൽകുന്നത് എന്ന് വിശദമാക്കാമോ; | (എ) | കേരളത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കിവരുന്ന പദ്ധതികൾ മുഖേന സബ്സിഡി/ ധനസഹായം നൽകിവരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.<br><br>**<u>1സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്)</u>** സംരംഭകസഹായ പദ്ധതി പ്രകാരം ഉല്പാദന മേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധനനിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനം വരെ പരമാവധി 40 ലക്ഷം രൂപവരെ നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നു. പ്രാരംഭ സഹായം (Start-up Support), നിക്ഷേപസഹായം (Investment Support), സാങ്കേതികവിദ്യാസഹായം (Technical Support) എന്നീ മൂന്ന് ഘട്ടങ്ങൾ ആയിട്ടാണ് സഹായം നൽകുന്നത്.<br><br>i.<u>പ്ര്യാരംഭ സഹായം (Start-up-Support) -</u><br><br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് അനുവദനീയമായ സഹായത്തിന്റെ 50% പരമാവധി മൂന്ന് ലക്ഷം രൂപ സ്ഥാപനം ആരംഭിക്കുന്നതിനു മുൻപായി ധനസഹായം നൽകുന്നു.ന<br><br>ii) <u>നിക്ഷേപ സഹായം (Investment Support)</u><br><br>സ്ഥിര നിക്ഷേപങ്ങൾക്ക് താഴെപ്പറയുന്ന രീതിയിൽ ധനസഹായം നൽകുന്നു. |

| ക്രമ നം. | വിഭാഗം | സഹായം |
|---|---|---|
| 1 | ജനറൽ | 15% (പരമാവധി 30 ലക്ഷംരൂപ) |
| 2 | വനിത/എസ്.സി./എസ്.ടി/ യുവസംരംഭകർ/ NRK | 25% (പരമാവധി 40 ലക്ഷംരൂപ) |

| | | |
|---|---|---|
| 3 | മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾ | 10% (പരമാവധി 10 ലക്ഷംരൂപ) അധിക ധനസഹായം നൽകുന്നു. |
| 4 | ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ എന്നീ ജില്ലകളിൽ തുടങ്ങുന്ന സംരംഭങ്ങൾ | 10% (പരമാവധി 10 ലക്ഷംരൂപ) അധിക ധനസഹായം നൽകുന്നു. |

**iii) സാങ്കേതികവിദ്യാ സഹായം (Technical Support)**

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങ ൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി നൽകുന്നു.

സംരംഭ സഹായ പദ്ധതിപ്രകാരം ഒരു യൂണിറ്റിന് അനുവദിക്കുന്ന പരമാവധി ആനുകൂല്യം 40 ലക്ഷം രൂപയാണ്.

**2. നാനോയൂണിറ്റുകൾക്കുള്ള മാർജിൻമണിഗ്രാന്റ്**

ആകെ പ്രോജക്ട്ചെലവ് 10 ലക്ഷം രൂപാ വരെയുള്ളതും, ഉല്പാദനമേഖല, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നീ മേഖലകളിൽ ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്നതുമായ യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു. ഈ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് മാർജിൻ മണിഗ്രാന്റ് ആകെ പ്രോജക്റ്റ് ചെലവിന്റെ 30%- ഉം ഗുണഭോക്തൃവിഹിതം കുറഞ്ഞത് 30% -ഉം ബാങ്ക് വായ്പ 40%-ഉം ആയിരിക്കും. എസ്.സി./എസ്.ടി./ വനിതകൾ/ വിമുക്തഭടന്മാർ/40 വയസ്സുവരെരെയുള്ള യുവസംരംഭകർ/അംഗപരിമിതർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻമണി നഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃവിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധിസഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

**3. ഒരു കുടുംബം ഒരുസംരംഭം പദ്ധതി**

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതിവഴി വിഭാവനംചെയ്യുന്നത്. ലോൺ മുഖാന്തിരം 01/04/2022-നുശേഷം ഉല്പാദന, സേവന, വ്യാപാരമേഖലയിൽ പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് ലോണിൽ 10 ലക്ഷംരൂപവരെയുള്ള തുകയ്ക്ക് 4 ശതമാനം അധികരിച്ചുള്ള പലിശയിൽ 6 ശതമാനംവരെ ഇളവ് ഈ പദ്ധതിവഴി നൽകുന്നു. സ്ഥിര മൂലധനവായ്പ മാത്രമായോ പ്രവർത്തന മൂലധനവായ്പ മാത്രമായോ ഇവ സംയുക്തമായോ എടുക്കുന്ന ബാങ്ക് വായ്പകൾക്ക് പദ്ധതിപ്രകാരം പലിശയിളവ് അനുവദിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷംവരെ ഈ പദ്ധതിപ്രകാരം സബ്സിഡി ലഭിക്കുന്നു.

**4. പ്രധാനമന്ത്രി ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി**

വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യവ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതിവഴി ഭക്ഷ്യസംസ്കരണ മേഖലയിലെ ഉല്പാദന സൂക്ഷ്മ സംരംഭങ്ങളുടെ വായ്പാ ബന്ധിത പ്രൊജക്ടുകൾക്ക് സാമ്പത്തിക സഹായം നൽകുന്നു. ടി പദ്ധതി 60-40 അനുപാതത്തിൽ കേന്ദ്ര കേരള സർക്കാരുകൾ സബ്സിഡിയായി നൽകുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി പ്രകാരമുള്ള സ്ഥിരമൂലധനത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി.

**<u>5.കരകൗശലവിദഗ്ധർക്കുള്ളസഹായപദ്ധതി (ആശ)</u>**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും ആശപദ്ധതി ലക്ഷ്യമിടുന്നു. പണിപ്പുര, പണിയായുധങ്ങൾ, മറ്റ് ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ, ഇലക്ട്രിഫിക്കേഷൻ, സാങ്കേതികവിദ്യ, ഉത്പന്ന രൂപകൽപ്പന തുടങ്ങിയ സ്ഥിരമൂലധന നിക്ഷേപത്തിന് ധനസഹായം ലഭിയ്ക്കും. കേന്ദ്ര സർക്കാരിലെ കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലോ, കേരളാസ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി), കേരളാസ്റ്റേററ് ബാംബൂ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ബി.സി), കേരളാ ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), ഹാൻഡിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് (എച്ച്.ഡി.സി.കെ), കേരളാ സ്റ്റേറ്റ് പാമിറ പ്രോഡക്ട് ഡവലപ്മെന്റ് ആൻഡ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം) എന്നിവിടങ്ങളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള കരകൗശല വിദഗ്ധരെയാണ് ഈ പദ്ധതിയിൽ കരകൗശല വിദഗ്ധരായി കണക്കാക്കപ്പെടുന്നത്.

കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും, ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ MSME മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക്;

സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 50% പരമാവധി 4.5 ലക്ഷം രൂപയും, ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രൊജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 3 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 7.5 ലക്ഷംരൂപവരെ സ്ത്രീകൾ/ പട്ടികജാതി/ പട്ടികവർഗ്ഗക്കാർ/ യുവതിയുവാക്കൾ/ ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണ് ഇത്.

**<u>6. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)</u>**

തൊഴിലും ഉത്പാദനവും വർധിപ്പിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണിത്. ഉൽപ്പാദനമേഖലയിൽ 50 ലക്ഷം രൂപ വരെയും സേവന മേഖലയിൽ 20ലക്ഷം രൂപ വരെയും പരമാവധി പദ്ധതിചെലവു വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാ ബന്ധിതമായി ആരംഭിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, KVIC, KVIB എന്നിവ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുതൽ മുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് | |
|---|---|---|---|---|
| | | | നഗരം | ഗ്രാമ |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനവിഭാഗം(സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒബിസി, ന്യൂനപക്ഷവിഭാഗം, വിമുക്തഭടന്മാർ) | 5% | 95% | 25% | 35% |

| | | | |
|---|---|---|---|
| (ബി) | ഓരോ വ്യവസായങ്ങൾക്കും പരമാവധി നൽകുന്ന സബ്സിഡി തുക എത്ര എന്ന് വിശദമാക്കാമോ? | (ബി) | മേൽ (എ ) പിരിവിലെ മറുപടി സദയം കണ്ടാലും |

സെക്ഷൻ ഓഫീസർ